## പതിനാലാം കേരളനിയമസഭ

### പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1618 10/03/2020-ൽ മറുപടി നൽകേണ്ടത്**

### സുസ്ഥിരവികസന ലക്ഷ്യം 2030 ന്റെ ഭാഗമായുള്ള സാമ്പത്തിക സർവ്വേ

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസന ലക്ഷ്യം 2030 ന്റെ ഭാഗമായുള്ള സാമ്പത്തിക സർവ്വേ ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസന ലക്ഷ്യം 2030 ന്റെ വിവര ശേഖരണത്തോടനുബന്ധിച്ച് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് മൾട്ടിപ്പിൾ ഇൻഡിക്കേറ്റേഴ്സ് സർവ്വെ 78-ാം സാമൂഹ്യ സാമ്പത്തിക സർവ്വെയോടൊപ്പം (NSS 78th round) സംസ്ഥാനത്ത് നടത്തി വരുന്നുണ്ട്. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിനോടൊപ്പം ഇതേ സർവ്വെ സ്റ്റേറ്റ് സാമ്പിളായി സംസ്ഥാനത്ത് ചെയ്ത് വരുന്നു. |
| (ബി) | വിവര ശേഖരണത്തിന് എത്തുന്ന ഉദ്യോഗസ്ഥരെ ജനങ്ങൾ സംശയത്തോടെ കാണുന്നതും ആക്രമിക്കുവാൻ മുതിരുന്നതുമായ സംഭവങ്ങൾ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | വകുപ്പിലെ ഫീൽഡ് തല ഉദ്യോഗസ്ഥർ വിവര ശേഖരണം നടത്തുമ്പോൾ ജനങ്ങൾ സംശയത്തോടെ കാണുന്നതും ആക്രമിക്കുവാൻ മുതിരുന്നതുമായ സംഭവങ്ങൾ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് തുടങ്ങിയ ജില്ലകളിൽ നിന്നും ജില്ലാ മേധാവികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ഇക്കാര്യത്തിലുള്ള ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും സർവ്വേ നടപടികൾ തടസ്സം കൂടാതെ നടത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുമോയെന്ന് അറിയിക്കാമോ? | (സി) | വകുപ്പിലെ പ്രധാന പദ്ധതികളായ ഇ.എ.ആർ.എ.എസ്, വിലശേഖരണം, ദേശീയ സാമ്പിൾ സർവ്വെ തുടങ്ങിയവയ്ക്ക് പൊതുജനങ്ങളിൽ നിന്നും നേരിട്ട് വിവരശേഖരണം നടത്തേണ്ട സാഹചര്യത്തിൽ പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരളത്തിലെ എല്ലാ പ്രമുഖ പത്രങ്ങളിലും പത്രക്കുറിപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ എല്ലാ പഞ്ചായത്തുകളിലും തദ്ദേശ സ്വയംഭരണ പ്രതിനിധികൾ പങ്കെടുക്കുന്ന മീറ്റിംഗുകളിൽ ഇതൊരു അജണ്ടയായി ഉൾപ്പെടുത്തുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സാമൂഹ്യ - സാമ്പത്തിക സർവ്വെയെ കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന് സർവ്വെയുടെ വിവര ശേഖരണത്തിനായി വീടുകളിൽ സന്ദർശനം നടത്തുന്ന ഫീൽഡ് ഉദ്യോഗസ്ഥർക്ക് ലഘുലേഖയും തയ്യാറാക്കി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ